

# GOVERNMENT TECHNICAL HIGH SCHOOL

## MOGRALPUTHUR, KASARAGOD

# SCHOOL MAGAZINE

## 2023-24



# SUPERINTENDENT MESSAGE



**RAMESAN P M**
**SUPERINTENDENT**

Digital media plays an important role in receiving, producing, sharing and broadcasting informations. There is no doubt that digital publications have always being a great option that provide a wide new world for magazine design.

I have great pleasure to know that the students of Little kites bring out a digital magazine on for the year 2023-2024. I congratulate all the contributions of the Editorial Board for the sincere effort in making the magazine. I wish all success.

# LITTLE KITES TEAM





# ജി ടി എച്ച് എസ്
# മൊഗ്രാൽപുത്തൂർ...









എന്തു ഭംഗി നിന്നെ കാണാൻ.....

നീലാകാശംവും, ചുവന്ന മണ്ണും,

പൂത്തുലഞ്ഞു നിൽക്കുന്ന പൂമരത്തിലെ

മഞ്ഞ പൂക്കൾക്കിടയിൽ നിന്നെ കാണാൻ.....

# DEWDROPS



Clinging on the meadows
early in the morning
the transient pearl
that hangs onto the blossoms
sometimes the wobbly bubbles
drop down...
when the day cracks
vanish from sight
still they try to convey something...
life is like the drop of dew...

# പാഴ് വസ്തുക്കളുടെ പരിപാലനവും മാലിന്യനിർമ്മാർജ്ജനവും



മുഹമ്മദ് ഹാരിസ് പി എ

"2001 സെപ്തംബർ 11ന് ബിൻ ലാദൻ അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ തകർത്തു. വിഷലിപ്തമായ അതിന്റെ അവശിഷ്ടങ്ങൾ അമേരിക്കൻ മണ്ണിന് ഒരു ഭാരമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവർ അത് വികസ്വര രാജ്യങ്ങളിൽ ലേലത്തിനുവച്ചു. തല്ഫലമായി അവ ഇന്ത്യ ഏറ്റുവാങ്ങി ഗുജറാത്തിലെത്തിച്ചു. നമ്മുടെ രാജ്യത്തെ മലിനീകരണ വസ്തുക്കൾ പോരാഞ്ഞിട്ടാണോ നാം വിദേശരാജ്യങ്ങളിൽനിന്ന് വിലകൊടുത്തും വാങ്ങുന്നത്."

---

ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് ഓരോ രാജ്യവും പുരോഗതിയിലേക്ക് കുതിക്കുമ്പോൾ പുറംതള്ളപ്പെടുന്ന അവശിഷ്ടങ്ങളുടെ അളവിലും ആനുപാതികമായ വർദ്ധന ഉണ്ടായിട്ടുണ്ട്. അനിയന്ത്രിതമായ വികസനവും ഉപഭോഗ സംസ്കാരവും ഭൂമിയുടെ വാഹകശേഷിയിൽ വൻകുറവ് വരുത്തിയിരിക്കുന്നു. അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യങ്ങളെ സംസ്കരിക്കുകയെന്നത് ഈ നൂറ്റാണ്ടിലെ ഏറ്റവും അസുഖകരമായ പരിസ്ഥിതി പ്രശ്നമായി മാറിയിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തംനാട് എന്നറിയപ്പെടുന്ന നമ്മുടെ കൊച്ചു കേരളത്തിലും ഇക്കാര്യത്തിൽ സ്ഥിതി ആശങ്കാജനകമാണ്. ആരോഗ്യമുള്ള നാടും ജനതയും പരിസ്ഥിതിയും പരിപാലിക്കപ്പെടുന്നതിന് നാമോരുരുത്തരും ഉണർന്ന് പ്രവർത്തിച്ച് നമ്മുടെ കടമ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. അതിനാദ്യം വേണ്ടത് മലിനരഹിത അവസ്ഥ (zero waste) സംജാതമാക്കുന്നതിനുള്ള ഒരു മനോഭാവം വളർന്നുവരേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ വികസിത രാജ്യങ്ങൾ ബുദ്ധിമാൻമാരാണ്. അതിനുദാഹരണങ്ങളാണ് വേൾഡ് ട്രേഡ് സെന്ററിന്റെ വേസ്റ്റുകൾ ഇന്ത്യയിലേക്കും യുറേനിയം വേസ്റ്റുകൾ ഇന്ത്യൻ മഹാസമുദ്രത്തിലേക്കും അവർ തള്ളിയത്.

കേരളത്തിൽ ഒരു വ്യക്തി പ്രതിദിനം 200 ഗ്രാം മുതൽ 600 ഗ്രാം വരെ ഖര പാഴ്വസ്തുക്കൾ ഉത്പാദിപ്പിക്കുന്നുണ്ട്. 'ക്ലീൻ കേരളാ മിഷൻ' എന്ന സംഘടന നടത്തിയ കണക്കെടുപ്പ് പ്രകാരം തിരുവനന്തപുരം നഗരത്തിൽമാത്രം പ്രതിദിനം 300 ടണ്ണും പാഴ്വസ്തുക്കളും ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. മുൻകാലങ്ങളിൽ പാഴ്വസ്തുക്കൾ പ്രകൃതിക്കിണങ്ങി ലയിക്കുന്നതും അളവിൽ കുറവുമായിരുന്നു. എന്നാൽ ഇന്ന് പ്ലാസ്റ്റിക്, ഇലക്ട്രോണിക് തുടങ്ങിയ അജൈവ പാഴ്വസ്തുക്കൾ ആണ് അധികവും. ഇവയുടെ നിർമ്മാർജ്ജനം ഒരു വലിയ പരിസ്ഥിതി

**പണ്ടൊക്കെ നാം എഴുതുന്നതിന് ഒരു പേന ഉപയോഗിക്കുകയും അതിൽ മഷിനിറച്ച് വീണ്ടും ഉപയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് 'യൂസ് ആൻ്റ് ത്രോ' സംസ്കാരത്തിന്റെ ഭാഗമായി നമ്മളും ആയിരക്കണക്കിന് പേനകളാണ് വലിച്ചെറിയുന്നത്. ഇതേ മനോഭാവമാണ് ഇപ്പോൾ കമ്പ്യൂട്ടർ ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവയുടെ കാര്യത്തിലും നാം കൈക്കൊള്ളുന്നത്. ഒരു പക്ഷേ നാം ഉപയോഗശേഷം വലിച്ചെറിയുന്ന ബാറ്ററികൾ മാത്രം മതി നമ്മുടെ മണ്ണ് വിഷലിപ്തമാവാൻ.**



പ്രശ്നമായി മാറിയിരിക്കുന്നു. ഈ പാഴ്വസ്തുക്കൾ മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും പ്രകൃതിക്കും ഹാനികരമായി തീരുമ്പോൾ മാത്രമാണ് അവ മാലിന്യമായി മാറപ്പെടുന്നത്.

### മാലിന്യങ്ങൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

ചീഞ്ഞഴുകിയ മാലിന്യക്കൂമ്പാരത്തിൽ നിന്നുള്ള ദുർഗന്ധവും മാലിന്യം മൂലമുള്ള ജലമലിനീകരണവും അന്തരീക്ഷ മലിനീകരണവും ഈ നാടിന്റെ ശാപമാണ്. തോടുകളും നദികളും ഓടകളും വെള്ളം ഒഴുകുന്നതിന് വേണ്ടിയാണെന്ന കാര്യം നാം മറന്നിരിക്കുന്നു. പകരം മാലിന്യങ്ങൾ തള്ളാനായി ദൈവം തന്നെ ഒരുക്കിത്തന്ന 'വേസ്റ്റ് ബിൻ' പോലെയായി അവ.

മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, മലമ്പനി, പ്ലേഗ്, കോളറ, വിരരോഗങ്ങൾ, എലിപ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ, ജപ്പാൻജ്വരം, ത്വക്ക് രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ, അർബുദം മുതലായവയ്ക്ക് മാലിന്യങ്ങൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ കാരണമാകുന്നു.

### ഇ-വേസ്റ്റുകൾ

ഉപയോഗകാലം കഴിഞ്ഞോ അല്ലാതെയോ ഉപേക്ഷിക്കപ്പെടുന്ന വൈദ്യുതോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളും വസ്തുക്കളും ഇ-മാലിന്യം അല്ലെങ്കിൽ ഇലക്ട്രോണിക് വേസ്റ്റിൽപ്പെടുന്നു. പലതരം ഇലക്ട്രോണിക് ഉപകരണങ്ങളിൽനിന്നായി ആയിരക്കണക്കിന് വിഷപദാർത്ഥങ്ങളാണ് മണ്ണിലെത്തുന്നത്. ലെഡ്, കാഡ്മിയം, ക്രോമിയം, ബേരിയം, ലിഥിയം, സിലിക്കോൺ, നിക്കൽ, ആഴ്സനിക്, പി.വി.സി, പ്ലാസ്റ്റിക് തുടങ്ങി ധാരാളം വസ്തുക്കൾ ഇലക്ട്രോണിക് വേസ്റ്റുകളിൽനിന്ന് മണ്ണിലെത്തുന്നു.

പണ്ടൊക്കെ നാം എഴുതുന്നതിന് ഒരു പേന ഉപയോഗിക്കുകയും അതിൽ മഷിനിറച്ച് വീണ്ടും ഉപയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് 'യൂസ് ആൻ്റ് ത്രോ' സംസ്കാരത്തിന്റെ ഭാഗമായി നമ്മളും ആയിരക്കണക്കിന് പേനകളാണ് വലിച്ചെറിയുന്നത്. ഇതേ മനോഭാവമാണ് ഇപ്പോൾ കമ്പ്യൂട്ടർ ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവയുടെ കാര്യത്തിലും നാം കൈക്കൊള്ളുന്നത്. ഒരു പക്ഷേ നാം ഉപയോഗശേഷം വലിച്ചെറിയുന്ന ബാറ്ററികൾ മാത്രം മതി നമ്മുടെ മണ്ണ് വിഷലിപ്തമാവാൻ.

### വീട് - പാഴ്വസ്തുക്കളുടെ ഒരു പ്രധാന ഉറവിടം

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാഴ്വസ്തുക്കളുടെ അഞ്ചിലൊരു ഭാഗവും വീടുകളിൽ നിന്നാണ്. അതുകൊണ്ടുതന്നെ പാഴ്വസ്തുക്കളുടെ പരിപാലനത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും വളരെയേറെ പ്രവർത്തിക്കാനുണ്ട്. കഴിവതും ഇവ വീടുകളിൽത്തന്നെ സംസ്കരിച്ചു വളം, ഗ്യാസ് എന്നിവ ആക്കി നമുക്കുതന്നെ ഉപയോഗിക്കാവുന്നതാണ്. അജൈവ പാഴ്വസ്തുക്കൾ മാത്രമാണ് ഇതിനൊരപവാദം.

പാഴ്വസ്തുക്കളെ മൊത്തമായി മൂന്നായി തരംതിരിക്കാം.

1. ജൈവപാഴ്വസ്തുക്കൾ
2. അജൈവ പാഴ്വസ്തുക്കൾ
3.അപകടകരമായ പാഴ്വസ്തുക്കൾ.

നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കപ്പെടുന്ന വേസ്റ്റിൽ 70% ജൈവവും 20% അജൈവവും 10% അപകടകരവുമാണ്.

ജൈവവേസ്റ്റുകൾ എന്നത് പഴം, പച്ചക്കറി, ഭക്ഷ്യാവശിഷ്ടങ്ങൾ തുടങ്ങിയവയാണ്. ഇവ മണ്ണിൽ അലിയുന്നതാണ്. എന്നാൽ കൃത്യമായ രീതിയിൽ സംസ്കരിച്ചില്ലെങ്കിൽ ചീഞ്ഞുനാറുന്നതുമാണ്. ഇവയെ വളമോ ഗ്യാസോ ആക്കി മാറ്റാവുന്നതാണ്. ഇവയെ വീടുകളിൽത്തന്നെ സസ്യങ്ങൾക്ക് വളമായി കുഴിച്ചിടുകയോ കമ്പോസ്റ്റ് നിർമ്മിച്ചോ ഉപയോഗിക്കാവുന്നതാണ്. ഫ്ളാറ്റുകളിലാണെങ്കിൽ, മണ്ണിര കമ്പോസ്റ്റ് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ ഇന്നുണ്ട് അതല്ലെങ്കിൽ ബയോ ഗ്യാസ് നിർമ്മിക്കാവുന്നതാണ്. അതിന്റെ ഗ്യാസ്, അടുപ്പിനുവേണ്ടിയും വേസ്റ്റ് വളമായും ഉപയോഗിക്കാം. സർക്കാർ സബ്സിഡി ഉള്ളതിനാൽ 5000 രൂപയ്ക്ക് ഒരു ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.

അജൈവ പാഴ്വസ്തുക്കൾ എന്നത് Recycle ചെയ്യാവുന്നവയാണ്. പേപ്പർ, പ്ലാസ്റ്റിക്,

ഗ്ലാസ് ലോഹം, മരം മുതലായവ വിറ്റ് മൂല്യം നേടാവുന്നതാണ്.

അപകടകരമായ പാഴ്വസ്തുക്കൾ തികച്ചും ഉപയോഗ്യശൂന്യമാണ്. ഇവ സുരക്ഷിതമായി കുഴിച്ചുമൂടുന്നതാണ് അഭികാമ്യം. *ഉദാഹരണം* : ബാറ്ററി, ഇലക്ട്രോണിക് വസ്തുക്കൾ, ബൾബുകൾ, മണ്ണെണ്ണ ക്യാനുകൾ, ഇഞ്ചക്ഷൻ സൂചി, expiry ആയ മരുന്നുകൾ, രോഗികൾ ഉപയോഗിക്കുന്ന പാഡുകൾ മുതലായവ.

കേരളത്തിൽ പ്രധാന പ്രശ്നം ജൈവപാഴ്വസ്തുക്കളുടെ പരിപാലനമാണ്. കേരളത്തിലെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വയംസഹായ സംഘങ്ങളുടെയും കുടുംബശ്രീയുടെയും സഹകരണത്തോടെ പാഴ്വസ്തുക്കൾ വീടുകളിൽ നിന്നുതന്നെ സംഭരിച്ച തരംതിരിച്ച്, സംസ്കരിച്ച് എടുക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ ജനസാന്ദ്രത കൂടിയതിനാൽ പാഴ്വസ്തുക്കൾ സംഭരിച്ച് സംസ്കരിക്കാനുള്ള സ്ഥലമില്ലായ്മയും (ഉദാ: കോഴിക്കോട്ടെ ഞെളിയംപറമ്പും തൃശൂരിലെ ലാലൂരും) ജനങ്ങളുടെ പൂർണ്ണമായ സഹകരണമില്ലായ്മയും ഇവിടെ മാലിന്യനിർമ്മാർജ്ജനം പൂർണ്ണതോതിൽ നടത്താനാകുന്നില്ല. ഇതിനൊരു പരിഹാരം ഓരോരുത്തരും അവർ ഉത്പാദിപ്പിക്കുന്ന പാഴ്വസ്തുക്കൾ അവർതന്നെ സംസ്കരിക്കാനും പാഴ്വസ്തുക്കളുടെ ഉത്പാദനം കുറയ്ക്കാനും തയ്യാറാകുക എന്നതാണ് നാമോരോരുത്തരും അവരവരുടെ വീടുകളിലും സ്ഥാപനങ്ങളിലും തന്നെ ഇവ ചെയ്യാവുന്നതാണ്.

അതിന് താഴെപ്പറയുന്ന തത്ത്വങ്ങൾ ഉപകരിക്കുമെന്ന് കരുതുന്നു.

### പാഴ്വസ്തുക്കളുടെ പരിപാലനത്തിന് 8 R തത്ത്വങ്ങൾ

**(Refuse, Reduce, Reuse, Repair, Rethink, Recycle, Recover, Replace)**

#### Refuse (ഒഴിവാക്കൽ)

- ആവശ്യമില്ലാത്ത പായ്ക്കിംഗ് ഒഴിവാക്കുക (ഉദാ: നന്നായി പായ്ക്കുചെയ്ത വസ്തുക്കൾ വീണ്ടും പൊതിയുന്നതോ കവറിലിടുന്നതോ ഒഴിവാക്കുക.
- ഡിസ്പോസിബിൾ (പ്ലാസ്റ്റിക്) കപ്പ്, പ്ലേറ്റ്, പെറ്റ്ബോട്ടിൽ, പേന എന്നിവ ഒഴിവാക്കുക.
- നിരവധി പ്ലാസ്റ്റിക് കവറുകളിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനു പകരം ഒരു സഞ്ചിയിൽ വാങ്ങുക.
- 30 മൈക്രോണിൽ (കനം) കുറഞ്ഞ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കാതിരിക്കുക.

#### Reduce (കുറയ്ക്കൽ)

- അത്യാവശ്യമുള്ള വസ്തുക്കൾ മാത്രം വാങ്ങുക. പെട്ടന്ന് ഉപയോഗശൂന്യമാവുന്നപോലുള്ളവ എണ്ണം കുറയ്ക്കുക. (ഉദാ: വില കുറഞ്ഞ ചൈനീസ് കളിപ്പാട്ടങ്ങൾ)
- പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുക.
- പാഴ്വസ്തുക്കൾ ജൈവവും അജൈവവും അപകടകരവുമായി തരംതിരിച്ച് ഉപയോഗയോഗ്യമാക്കുക; അപ്രകാരം ഉപയോഗശൂന്യമായ വേസ്റ്റിന്റെ അളവ് കുറയ്ക്കുക.

**കേരളത്തിൽ പ്രധാനപ്രശ്നം ജൈവപാഴ്വസ്തുക്കളുടെ പരിപാലനമാണ്. കേരളത്തിലെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വയംസഹായ സംഘങ്ങളുടെയും കുടുംബശ്രീയുടെയും സഹകരണത്തോടെ പാഴ്വസ്തുക്കൾ വീടുകളിൽനിന്നുതന്നെ സംഭരിച്ച തരംതിരിച്ച്, സംസ്കരിച്ച് എടുക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ ജനസാന്ദ്രത കൂടിയതിനാൽ പാഴ്വസ്തുക്കൾ സംഭരിച്ച് സംസ്കരിക്കാനുള്ള സ്ഥലമില്ലായ്മയും ജനങ്ങളുടെ പൂർണ്ണമായ സഹകരണമില്ലായ്മയും ഇവിടെ മാലിന്യനിർമ്മാർജ്ജനം പൂർണ്ണതോതിൽ നടത്താനാകുന്നില്ല.**

#### Reuse (പുനരുപയോഗം )

- ഈടുറ്റതും ദീർഘകാലം ഉപയോഗിക്കാൻ കഴിയുന്നതുമായ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുക്കുക. (ഉദാ: ഉപയോഗശേഷം വലിച്ചെറിയുന്ന പേന ഒഴിവാക്കി വീണ്ടും മഷി നിറച്ച് Reuse ചെയ്യാവുന്നതാണ്.)
- ഒരു വസ്തു ഉപേക്ഷിക്കുന്നതിനുമുമ്പ് അത് സ്വന്തമായോ മറ്റുള്ളവർക്കോ ഏതെങ്കിലും വിധത്തിൽ ഉപകരിക്കുമോ എന്ന് പരിശോധിക്കുക.
- ഒരിക്കൽ വാങ്ങിയ ഉൽപ്പന്നങ്ങൾ പരമാവധി ഉപയോഗിക്കുക. (ഉദാ: കാരിബാഗുകൾ, കണ്ടെയിനറുകൾ, വസ്ത്രങ്ങൾ മുതലായവ)

#### Repair (കേടുപാടുകൾ തീർക്കുക)

- ഒരിക്കൽ വാങ്ങിയ വസ്തുക്കൾ പ്രത്യേകിച്ച് ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ കേടുവരുമ്പോൾ ഉപേക്ഷിക്കാതെ കേടുപാട് തീർത്ത് വീണ്ടും ഉപയോഗിക്കുക.

#### Rethink

(പുനർവിചിന്തനം നടത്തുക)

- പ്രകൃതിക്കിണങ്ങുന്ന പാക്കേജുകൾ, കുറഞ്ഞ പുനഃചംക്രമണം സാദ്ധ്യമായ ഉൽപ്പന്നങ്ങൾ മാത്രം വാങ്ങുന്നതിനെക്കുറിച്ച് പുനർവിചിന്തനം നടത്തുക.

#### Recycle (പുനഃചംക്രമണം)

- പുനഃചംക്രമണം ചെയ്യാവുന്ന പാഴ്വസ്തുക്കൾ (ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, പേപ്പർ, ഗ്ലാസ്, ലോഹം മുതലായവ) വിറ്റ് മൂല്യം നേടുക.

#### Recover (വീണ്ടെടുക്കൽ)

- ജൈവപാഴ്വസ്തുക്കളിലടങ്ങിയിരിക്കുന്ന പദാർത്ഥങ്ങളും ഊർജ്ജവും വീണ്ടെടുക്കുന്നതിനായി അവയെ കമ്പോസ്റ്റ് ആക്കുകയോ

**പ്ലാസ്റ്റിക് കത്തിക്കരുത്. പ്ലാസ്റ്റിക് കത്തിക്കുമ്പോ ഴുണ്ടാകുന്ന ഡയോക്സിൻ എന്ന മാരകവിഷം ഡി.ഡി.റ്റി. യെക്കാൾ ഒരുലക്ഷം മടങ്ങ് വിഷാംശമുള്ളതാണ്. എത്ര ചെറിയ മാത്രയിലും ഡയോക്സിൻ അപകടകാരിയാണ്.**

- ബയോഗ്യാസ് നിർമ്മിക്കുകയോ ചെയ്യുക.

**Replace (ബദൽ സംവിധാനങ്ങൾ ഉപയോഗിക്കുക)**

- പ്ലാസ്റ്റിക്കിന് പകരം സ്ഥിര സംവിധാനങ്ങളായ സ്റ്റീൽ, ഗ്ലാസ് ഉൽപ്പന്നങ്ങളും പേപ്പർ, തുണി, ചണം, കൈതയോല തുടങ്ങിയവകൊണ്ടുള്ള ഉൽപ്പന്നങ്ങളും ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

### മലിനീകരണത്തിനെതിരെ ചില നിർദ്ദേശങ്ങൾ

- പാഴ്വസ്തുക്കൾ കത്തിക്കാതിരിക്കുക. കത്തിക്കുമ്പോൾ അവയിലടങ്ങിയിരിക്കുന്ന വിഭവം നമുക്ക് നഷ്ടമാകുന്നു. ഇത് പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുന്നു.
- പ്ലാസ്റ്റിക് കത്തിക്കരുത്. പ്ലാസ്റ്റിക് കത്തിക്കുമ്പോഴുണ്ടാകുന്ന ഡയോക്സിൻ എന്ന മാരകവിഷം ഡി.ഡി.റ്റി.യെക്കാൾ ഒരുലക്ഷം മടങ്ങ് വിഷാംശമുള്ളതാണ്. എത്ര ചെറിയ മാത്രയിലും ഡയോക്സിൻ അപകടകാരിയാണ്. ഇത് മനുഷ്യന് കാൻസർ പോലുള്ള മാരകരോഗങ്ങൾ ഉണ്ടാക്കുകയും അന്തരീക്ഷം മലിനമാക്കുകയും ചെയ്യുന്നു.
- പാഴ്വസ്തുക്കൾ വലിച്ചെറിയരുത് : വേസ്റ്റ്ബിന്നുകളിൽ മാത്രം നിക്ഷേപിക്കുകയോ ജൈവപാഴ്വസ്തുക്കൾ കുഴിച്ചുമൂടുകയോ ചെയ്യുക.
- പൊതുനിരത്തുകൾ, പൊതുസ്ഥലങ്ങൾ, ജലാശയങ്ങൾ, ഓടകൾ, പുഴകൾ എന്നിവ എന്നിവ പാഴ്വസ്തുക്കൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലങ്ങളല്ല.
- പൊതുനിരത്തുകളിൽ തുപ്പുകയോ മലമൂത്ര വിസർജ്ജനം ചെയ്യുകയോ പാടില്ല.
- നമ്മുടെ വീടും പരിസരവും മാത്രമല്ല നാടും നാട്ടുവഴികളും ശുചിയായി സൂക്ഷിക്കുക.
- പാഴ്വസ്തുക്കൾ വിപത്തല്ല സമ്പത്താക്കാമെന്ന് തിരിച്ചറിയുക.
- ജൈവപാഴ്വസ്തുക്കൾ പ്ലാസ്റ്റിക് കവറുകളിൽ കെട്ടി ശേഖരണത്തിന് നൽകാതിരിക്കുക. അങ്ങനെ നൽകിയാൽ അതിനുള്ളിലുള്ള ജൈവവേസ്റ്റുകൾ അഴുകാതെ ചീഞ്ഞുനാറുന്നു.
- പാഴ്വസ്തുക്കൾ സംസ്കരിച്ച് പുരയിടത്തിൽതന്നെ സസ്യങ്ങൾക്ക് വളമാക്കുക.
- ജൈവവളം ഉപയോഗിച്ച് പുരയിടം സസ്യവത്കരിക്കുക.
- മാലിന്യങ്ങൾ പരമാവധി അതതു വീടുകളിലും സ്ഥാപനങ്ങളിലുംതന്നെ സംസ്കരിക്കുക.
- ജൈവ-ജൈവേതര-അപകടകരമായ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്ന ശീലം വളർത്തുക
- കമ്പോസ്റ്റുകളും ബയോഗ്യാസ് പ്ലാന്റുകളും വീടുകളിൽ ത്തന്നെ നിർമ്മിക്കുക.
- പ്രകൃതിയുടെ മലിനീകരണം തടയാൻ ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കുക.
- അറവുശാലകളിലും ചിക്കൻ സ്റ്റാളുകളിലും മാലിന്യപരിപാലനം നിർബന്ധമാക്കുക.
- ഓടകൾ വൃത്തിയാക്കി, വെള്ളം കെട്ടിനിൽക്കുന്നതിനെ തടയുക.
- മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സന്നദ്ധസംഘങ്ങളുടെ സഹകരണത്തോടുകൂടി നടപ്പാക്കി ഒരു ഉപജീവനമാർഗ്ഗമായി മാറ്റുക.
- ആശുപത്രി മാലിന്യങ്ങൾ, പ്രത്യേകിച്ച് disposible needles നശിപ്പിച്ചുകളയുന്നു എന്ന് ഉറപ്പുവരുത്തുക.
- ശല്യമുണ്ടാക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം കൂടുതൽ ഫലപ്രദമാക്കുക.
- പ്ലാസ്റ്റിക് വസ്തുക്കളുടെ ഹിതകരമല്ലാത്ത ഉപയോഗം ബോധവൽക്കരണത്തിലൂടെയും ബദൽ വസ്തുക്കൾ പ്രചരിപ്പിച്ചു നിയന്ത്രിക്കുക.
- ജൈവപാഴ്വസ്തുക്കൾ വീടുകളിൽ സംസ്കരിക്കുവാൻ സൗകര്യമില്ലാത്തവർ തരംതിരിച്ച് വച്ചിരിക്കുന്ന പാഴ്വസ്തുക്കൾ വീടുകളിൽ നിന്നും നേരിട്ട് ശേഖരിച്ച് കൊണ്ടുപോകുന്നതിനും സംസ്കരിക്കുന്നതിനും റസിഡൻസ് അസോസിയേഷനെയോ, കുടുംബശ്രീ യൂണിറ്റുകളെയോ സ്വയം സഹായ സംഘങ്ങളെയോ, സന്നദ്ധസംഘടനകളെയോ ഏർപ്പെടുത്തുക. അങ്ങനെ വീടും പരിസരവും നാടും നഗരവും മാലിന്യരഹിതമായി സംരക്ഷിക്കുക ●

# ONE TIME JOURNEY



Life is sometime hard like rock
sometime it's just smooth as rose
Fast phased like a roller coaster
going downwards from up top
May be like a turtle race
with no such end as win or loss
There will be joys and sorrows in life
Like a garden full of pros and cons.
Life is filled with ups and downs
like how a toy train goes around
sometimes repeat, sometimes not
it's goes along on different path.
With many turns and twists and jumps
it goes and goes on without stopping
Till it reaches it's assigned stop
that's why it's a One Time Journey!

# Helping Hand



Helping hand is like,
how I hold her hand.
It makes a smile in her face
like how the sun rises in the east!
It gives me a lead
as if have I done a good deed...
It makes me happy like her
and happy because of my deed.
It insists me to make a smile
in other's face.
It gives me wings to fly in peace
It is not bad unless you make it
It is not like you think of it
It is an easy to ask to do it
Easy to bring a smile
sometimes it is hardened as it is
But it makes you happier
So do it for today to bring
a smile ever.

# IDENTITY...



I WENT IN SEARCH OF IT
I GOT NOTHING
AGAIN I TRIED TO CATCH IT
BUT IT WENT ON.
ON A PRECIOUS MOMENT, I GOT IT.
INSIDE A PERSON THERE IS AN INNERLINE
DECIFERING THE INNER URGE I FOLLOWED IT
ENDLESS TRY MADE ME GET IT
NEVER GIVING UP, MADE IT FOR ME?
TURNING POINTS?
INSULT OF MANY PEOPLE PROVOKED ME
TAMED MYSELF TO GET IT
WHY I SHOULD GIVE UP, MADE IT FOR ME
THAT IS MY IDENTITY.

# എന്റെ കാസ്രോട്....











കേരളത്തിന്റെ ഏറ്റവും വടക്കു ഭാഗത്തുള്ള ജില്ലയാണ് കാസർകോട് ജില്ല.
1984 മെയ് 24-നാണ് ഈ ജില്ല രൂപീകൃതമായത്.
കിഴക്ക് പശ്ചിമ ഘട്ടം, പടിഞ്ഞാറ് അറബിക്കടൽ, വടക്ക് കർണ്ണാടക
സംസ്ഥാനത്തിലെ ദക്ഷിണ കന്നഡ ജില്ല, തെക്ക് കണ്ണൂർ ജില്ല എന്നിവയാണ്
കാസർകോടിൻ്റെ അതിർത്തികൾ.
കാഞ്ഞിരക്കൂട്ടം എന്നർഥം വരുന്ന കുസിരകൂട് എന്ന കന്നഡ വാക്കിൽനിന്നാണ്
കാസറഗോഡ് എന്ന പേരു ലഭിച്ചത്. മലയാളത്തിനു പുറമേ തുളു, കന്നഡ,
ബ്യാരി, മറാഠി, കൊങ്കണി, ഉർദു എന്നീ ഭാഷകൾ സംസാരിക്കുന്നതുകൊണ്ട് ഈ
ജില്ലയെ സപ്തഭാഷാ സംഗമ ഭൂമിയെന്നും വിളിക്കാറുണ്ട്.
ഭാരതത്തിൽ ആദ്യമായി ഔദ്യോഗിക പുഷ്പവും, പക്ഷിയും വൃക്ഷവും
പ്രഖ്യാപിച്ച ജില്ലയാണു കാസർഗോഡ് ജില്ല. കാസർഗോഡ് എന്ന
പേരിനാധാരമായി കരുതുന്ന കാഞ്ഞിരമരമാണ് കാസർഗോഡ് ജില്ലയുടെ
ഔദ്യോഗിക വൃക്ഷം. പക്ഷികുടുംബത്തിൽ പെട്ട പ്രാപിടിയനായ വെള്ളവയറൻ
കടൽപരുന്താണ് ഔദ്യോഗിക പക്ഷി. ജലസസ്യമായ പെരിയ പോളത്താളിയാണ്
ഔദ്യോഗിക പുഷ്പം. പാലപ്പൂവൻ ആമയാണ് ഔദ്യോഗിക ജീവി.

# നമ്മുടെ ബേക്കൽ കോട്ട



കേരളത്തിലെ കാസർഗോഡ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കോട്ടയാണ് ബേക്കൽ കോട്ട. കേരളത്തിലെ വലിയ കോട്ടയും ഏഷ്യ വൻകരയിലെ ഒരു പ്രധാന കോട്ടയും ആണിത്. അറബിക്കടലിന്റെ തീരത്തായി 35 ഏക്കറിൽ പരന്നു കിടക്കുന്ന ഈ കോട്ട പതിനേഴാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പണികഴിപ്പിച്ചതാണ്. ഈ കോട്ട നിർമ്മിച്ചിരിക്കുന്നത് ചെങ്കല്ലുകൊണ്ടാണ്. ഈ പ്രദേശം പണ്ട് കദംബരാജവംശത്തിന്റേയും മൂഷികരാജവംശത്തിന്റെയും കോലത്തിരി രാജാക്കന്മാരുടെയും കീഴിലായിരുന്നു. ഇതിനുശേഷം ഇവിടം വിജയനഗരസാമ്രാജ്യത്തിന്റെ കീഴിലായി. 1565-ലെ തളിക്കോട്ട യുദ്ധത്തിൽ വിജയനഗരം പരാജയപ്പെട്ടതിനു ശേഷം, പ്രദേശം ബദിനൂർ രാജാവിന്റെ അധീനതയിലായി. കംബ്ലയിലെ ഇക്കേരി നായ്ക്കന്മാർ എന്നുമറിയപ്പെടുന്ന ബദിനൂർ നായ്ക്കന്മാരിലെ ശിവപ്പ നായ്ക്ക് 1650-ൽ ഈ കോട്ട നിർമ്മിച്ചു എന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ കോലത്തിരി രാജാക്കന്മാരുടെ കാലത്തെ കോട്ട ശിവപ്പ നായ്ക്ക് പുതുക്കിപ്പണിതതാണെന്നും ചില ചരിത്രകാരന്മാർ കരുതുന്നുണ്ട്. എന്നാൽ അടുത്ത കാലത്തായി നടന്ന പുരാവസ്തു ഗവേഷണം ചൂണ്ടിക്കാട്ടുന്നത് കോട്ട വിജയനഗര സാമ്രാജ്യത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായിരുന്നു എന്നാണ്.

# കമ്പാർ പുഴ











മൊഗ്രാൽപുത്തൂർ ● പ്രകൃതി ഭംഗി നിറഞ്ഞ കമ്പാർ പുഴയോരം ടൂറിസം സാധ്യതകൾ തേടുന്നു. മൊഗ്രാൽപുത്തൂർ, മധൂർ, പുത്തിഗെ, കുമ്പള പഞ്ചായത്തുകളുടെ സംഗമ കേന്ദ്രമാണു കമ്പാർ പുഴയോരം. മൊഗ്രാൽ പുഴയുടെ ഭാഗമായ കമ്പാർ പുഴയോരം പച്ചപ്പും ഗ്രാമീണ ഭംഗിയിലും മനോഹരമാണ്. ഇവിടെ നിന്നു അനന്തപുരം അനന്ത പത്മനാഭ സ്വാമി ക്ഷേത്രത്തിലേക്കുള്ള ദൂരം 2 കിലോ മീറ്റർ ദൂരം മാത്രമാണ്. ട്രക്കിങ് ഏറെ സാധ്യതയുള്ള മേഖലയാണിത്.പുഴയോരത്തു കൂടി ടാറിങ് നടത്തിയ നല്ല റോഡുകളുണ്ട്. വിവിധയിടങ്ങളിൽ നിന്നായി ഒട്ടേറെ വിനോദ സഞ്ചാരികൾ പുഴയോരം ആസ്വദിക്കാനുമായി കമ്പാറിലേക്കു എത്തുന്നതായി നാട്ടുകാർ പറയുന്നു.

# SCHOOL TECH FEST 2023-24

# TECHNOTSAV













# SCHOOL SPORTS MEET 2023-24











# SCHOOL ARTS FEST 2023-24

# AARAVAM











# ONAM CELEBRATION


# PONNONAM














Thank You!